# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *375 — 13.11.2019-ൽ മറുപടിയ്ക്ക്.

### ക്ഷീരകർഷകരുടെ ഉന്നമനത്തിനായുള്ള നൂതന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ**<br>**ശ്രീ. ഡി.കെ. മുരളി**<br>**ശ്രീ.കെ.വി.വിജയദാസ്**<br>**ശ്രീ.യു. ആർ. പ്രദീപ്** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീരകർഷകരുടെ ഉന്നമനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ ക്ഷീരകർഷകരുടെ ഉന്നമനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു. |

- പരമ്പരാഗത മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയ്ക്കു പുറമേ തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ 2016-17, 2017-18 വർഷങ്ങളിൽ ഡെയറി സോൺ പദ്ധതിയും 2016-17 മുതൽ തുടർ വർഷങ്ങളിൽ തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതിയും നടപ്പിലാക്കി വരുന്നു.

തീറ്റപ്പുൽകൃഷിയുടെ പ്രയോജനം കൂടുതൽ കർഷകരിൽ എത്തിക്കുന്നതിനും തീറ്റപ്പുല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ വ്യക്തികൾവശം തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തി കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

ഡെയറിഫാമുകളുടെ യന്ത്രവൽക്കരണത്തിനു കൂടുതൽ പ്രാധാന്യം നൽകി ഫാം മെക്കനൈസേഷനുവേണ്ടി കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

- ഉരുക്കളേയും കർഷകരേയും അവരുടെ കുടുബാംഗങ്ങളേയും ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതവും വകുപ്പിന്റെ പദ്ധതി വിഹിതവും വിനിയോഗിച്ച് ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് പരമാവധി നാല് രൂപ വരെ സഹായം നൽകുന്ന പദ്ധതി ബഹു ഭൂരിഭാഗം പഞ്ചായത്തുകളിലും നടപ്പിലാക്കുന്നു.
- ഉൽപ്പാദനക്ഷമത കൂടിയതും ഉയർന്ന ജനിതക ഗുണവുമുള്ള കറവപശുക്കളെ തദ്ദേശീയമായി കർഷകർക്ക് ലഭ്യമാക്കുന്നതിനായി ക്ഷീര സംഘങ്ങൾ മുഖേന 100 കിടാരികൾ അടങ്ങിയ ഹീഫർ പാർക്ക് പദ്ധതി നടപ്പിലാക്കുന്നു.

- പ്രളയത്തിലും മറ്റ് പ്രകൃതി ക്ഷോഭത്തിലും കനത്ത നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 22 കോടി രൂപയുടെ 'ക്ഷീര നവോത്ഥാനം' എന്ന ഫ്ലഡ് റിലീഫ് പദ്ധതി നടപ്പിലാക്കുന്നു.
- കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി
- ക്ഷീരകർഷകർക്കുള്ള കടാശ്വാസ പദ്ധതി
- കോമ്പോസിറ്റ് ഡെയറി യൂണിറ്റ് എലിവേറ്റഡ് കാറ്റിൽ ഷെഡ്, സമഗ്ര സഹകരണ പ്രചാരണ പരിപാടി, വനിതാ ക്ഷീരകർഷക സർവ്വേ, ക്ഷീരസംഘങ്ങൾക്കായി യൂണിഫൈഡ് സോഫ്റ്റ് വെയർ തുടങ്ങിയ പദ്ധതികളും ഈ വർഷത്തെ നൂതന പദ്ധതികളിൽ ഉൾപ്പെടുന്നു. കൂടാതെ ക്ഷീരസംഘങ്ങളുടെ ആധുനീകരണത്തിനും യന്ത്രവൽക്കരണത്തിനും പാൽ പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു.

| | |
|---|---|
| (ബി) കന്നുകാലികളെ ഇൻഷ്വറൻസ് പരിരക്ഷയിൽ കൊണ്ടുവരുന്നതിനായി ഗോസമൃദ്ധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) ഗോസമൃദ്ധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2019-20 വർഷം ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷം നഷ്ടപരിഹാരമായി എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) ഗോസമൃദ്ധി പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷം നഷ്ടപരിഹാരമായി 3,56,79,618/- രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നമായ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഡി) കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി അഞ്ചിൽ കൂടുതൽ കറവപശുക്കൾ വളർത്തുന്ന കർഷകർക്ക് കറവയന്ത്രം വാങ്ങുന്നതിനായി വിലയുടെ 50% നിരക്കിൽ പരമാവധി 25,000/- രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>മൃഗസംരക്ഷണ വകുപ്പ് മുഖേന കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.<br>കൂടാതെ ക്ഷീരസംഘങ്ങൾ മുഖേന കറവ നടത്തുന്നതിന് താത്പര്യമുള്ളവരെ കണ്ടെത്തി പരിശീലനം നൽകി കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടിയും ആലോചനയിലുണ്ട്. മൊബൈൽ കറവയന്ത്രം ലഭ്യമാക്കി ക്ഷീരസംഘാടിസ്ഥാനത്തിൽ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നു വരുന്നു. |
| (ഇ) കന്നുകുട്ടികളുടെ പരിപാലനത്തിനായി നടപ്പാക്കിവരുന്ന ഗോവർദ്ധിനി പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ക്ഷീരകർഷകർക്ക് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) ഗോവർദ്ധിനി പദ്ധതിയിൽ ഉൾപ്പെട്ട കന്നുകുട്ടികൾക്ക് പദ്ധതി കാലയളവിൽ ആവശ്യാനുസരണം വിരമരുന്ന്, പ്രതിരോധ കുത്തിവയ്പുകൾ എന്നിവയും, ആരോഗ്യപരിരക്ഷയും നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**